# എറണാകുളം മിസ്സം


# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 4 April 2023 Rs. 15/-







നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്**

എറണാകുളം – അങ്കമാലി മേജർ അതിരൂപതയുടെ

പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 66 Issue No. 4 April 2023 Rs. 15/-






4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. ഇടയലേഖനം

13. കച്ചേരിക്കാര്യം

15. വാർത്തകളും വിശേഷങ്ങളും

16. AICO

18. നിര്യാതരായി

19. വിശ്വാസപരിശീലന കേന്ദ്രം

22. ഫാമിലി അപ്പോസ്റ്റലേറ്റ്

23. നൈപുണ്യ ഇന്റർനാഷണൽ

25. ഇവാഞ്ചലൈസേഷൻ & പ്രെയർ ഗ്രൂപ്സ്

26. കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

27. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

30. ചിറ്റൂർ ധ്യാനകേന്ദ്രം



**Editor: Fr. Biju Varghese**



**Office:**

The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**

www.ernakulamarchdiocese.org
missamekm@gmail.com



**Printed and Published by**

Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Mekkunnel Mathew, Nakapuzha | 1922 | 1952 | 1-4-2008 |
| Mar Varkey Cardinal Vithayathil, Puthenpally | 1927 | 1954 | 1-4-2011 |
| Fr. Panikulam Augusthy, Elavoor | 1882 | 1908 | 3-4-1943 |
| Fr. Mavumkal Joseph, Muttam | 1902 | 1930 | 3-4-1995 |
| Mar Abraham Kattumana, Ullala | 1944 | 1969 | 4-4-1995 |
| Fr. Kurisumkal Joseph, Kandanad | 1902 | 1934 | 5-4-1983 |
| Fr. Thazhathuruthil Peter, Mevalloor | 1938 | 1967 | 5-4-1997 |
| Fr. Perumalil George, Ullala | 1944 | 1969 | 5-4-2013 |
| Fr. Puthupara Pathrose, Thuravoor | 1873 | 1899 | 7-4-1955 |
| Fr. Chittethazhath Francis, Amballoor | 1878 | 1907 | 8-4-1950 |
| Fr. Kavalakkatt Paul, Kadukutty | 1925 | 1953 | 8-4-2010 |
| Fr. Narayamparambil Mathew, Valamangalam | 1924 | 1954 | 10-4-2008 |
| Fr. Koikara Joseph, Kizhakkambalam | | | 12-4-1897 |
| Magr. Parackal Antony, Angamaly | 1916 | 1941 | 13-4-2001 |
| Fr. Kattakkakathoot Geevarghese, Moozhikulam | 1859 | 1892 | 15-4-1939 |
| Fr. Thaliath Joseph (K) (Joly), Kanjoor | 1945 | 1970 | 15-4-2017 |
| Fr. Pallippadan Paul, Thuravoor | 1941 | 1967 | 16-4-1985 |
| Fr. Thottankara George, Koodalapad | 1943 | 1969 | 16-4-2016 |
| Fr. Vithayathil Yohannan, Puthenpally | 1862 | 1894 | 17-4-1942 |
| Fr. Thalian George, Vathakkad | 1932 | 1961 | 17-4-2005 |
| Fr. Payyappilly Kochuvarkey, Moozhikulam | 1870 | 1899 | 19-4-1936 |
| Fr. Painadeth Kochupaulo, Karukutty | 1869 | 1894 | 20-4-1934 |
| Fr. Powathil Antony, Thycattussery | 1896 | 1924 | 20-4-1980 |
| Fr. Panikulam Valiya Ittoop, N. Parur | 1884 | 1912 | 22-4-1952 |
| Fr. Padayattil Abraham, Kidangoor | 1926 | 1956 | 23-4-2014 |
| Fr. Kochuparampil George, Thottakam | 1906 | 1933 | 24-4-1982 |
| Fr. Kuttipuram George, Thalayolaparambu | 1930 | 1962 | 24-4-2004 |
| Fr. Payyappilly Thomas, Kottamam | 1949 | 1978 | 24-4-2022 |
| Fr. Narayamparambil Joseph, Thuravoor S. | 1920 | 1945 | 25-4-1999 |
| Fr. Punakat George, Kolengai | 1901 | 1920 | 28-4-1961 |
| Fr. Nettikadan Varghese, Meloor | 1931 | 1957 | 29-4-1999 |
| Fr. Puthuva Joseph, Mookkannoor | 1890 | 1916 | 30-4-1965 |

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരീ സഹോദരങ്ങളെ, വത്സലമക്കളെ,

അനുരഞ്ജനമാണ് ഈശോയുടെ സുവിശേഷത്തിന്റെ സാരസംഗ്രഹം! ഈശോ തന്റെ പരസ്യപ്രഭാഷണം ആരംഭിച്ചത് ഇപ്രകാരമാണ്. 'സമയം സമാഗതമായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുക' (മാർക്കോ. 1/15). സുവിശേഷത്തിന്റെ സന്തോഷത്തിലേക്കുള്ള ഇടുങ്ങിയ വാതിലാണ് അനുരഞ്ജനം. 'അനുരഞ്ജിതരായി തീർന്നീടാം...' എന്നുദ്ഘോഷിച്ചുകൊണ്ടാണല്ലോ ഓരോ വിശുദ്ധ കുർബാനയും നാം ആരംഭിക്കുന്നത്. വിശുദ്ധ കുർബാന അർപ്പണം സത്യസന്ധമാവണമെങ്കിൽ അനുരഞ്ജനം സംഭവിച്ചിരിക്കണം. 'കാഴ്ചവസ്തു ബലിപീഠത്തിനുമുൻപിൽ വച്ചശേഷം പോയി സഹോദരനോട് രമ്യതപ്പെടുക; പിന്നെ വന്ന് കാഴ്ചയർപ്പിക്കുക' (മത്തായി 5/24) എന്ന വചനം പറയുന്നതും പ്രാർത്ഥനയുടെ ഏറ്റവും കാതലായ കാര്യം അനുരഞ്ജനമാണെന്നാണ്. നോമ്പുകാലത്തിലെ അതിവിശുദ്ധ ദിനങ്ങളിലേക്ക് നാം പ്രവേശിക്കുമ്പോൾ അനുരഞ്ജനത്തിന്റെ ആവശ്യകതയേയും അനുരഞ്ജനം സാധ്യമാക്കാനുള്ള വഴികളേയുംകുറിച്ച് ഏതാനും കാര്യങ്ങൾ നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

അനുരഞ്ജനമെന്നാൽ വൈകാരികമായ ഒരു കൂടിച്ചേരൽ മാത്രമല്ല. ബന്ധങ്ങളുടെ ക്രമീകരണമാണ് അനുരഞ്ജനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. തകർന്ന ബന്ധങ്ങൾ കൂട്ടിയിണക്കി ദൈവം ആഗ്രഹിക്കുന്ന രീതിയിൽ പൂർവ്വസ്ഥിതിയിലാക്കി ബന്ധങ്ങൾ തുടരാൻ കഴിയുമ്പോഴാണ് യഥാർത്ഥത്തിൽ അനുരഞ്ജനം നടന്നു എന്നു പറയാനാകുക. ത്യാഗപൂർണ്ണമായ ചുവടുവയ്പുകൾ അതിനാവശ്യമാണ്. മറന്നുപോയവരെയും മനപ്പൂർവ്വം അവഗണിക്കുന്നവരെയും വെറുത്തുപേക്ഷിച്ചവരേയും കരുണയോടെ ഓർമ്മിക്കാനുള്ള ഒരു നല്ല മനസ്സ്; അസ്ഥിരവും നാമമാത്രവുമായ ബന്ധങ്ങളെ സ്ഥിരപ്പെടുത്താനും ഊഷ്മളമാക്കാനുമുള്ള തീരുമാനം; മുറിഞ്ഞുപോയ ബന്ധങ്ങൾ

വിളക്കി ചേർക്കാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ – ഇതൊക്കെയാണ് അനുരഞ്ജനത്തിന്റെ ആദ്യപടവുകൾ.

ബന്ധങ്ങൾ തകരാനുള്ള കാരണങ്ങൾ സൂക്ഷ്മതയോടും അനുതാപത്തോടുംകൂടെ പരിശോധിക്കണം. ഒരുമിച്ച് മുമ്പോട്ടുള്ള യാത്ര സുരക്ഷിതമാക്കാൻ ഉപകരിക്കുന്ന വിലപ്പെട്ട പാഠങ്ങളും ശക്തമായ താക്കീതും നൽകാൻ ഇത്തരം പരിശോധനകൾക്ക് സാധിക്കും. ഇരുകൂട്ടരുടേയോ അല്ലെങ്കിൽ ഒരാളുടെയോ പാപം, ധാരണ പിശക്, വാശി, മുൻവിധി, മനോവൈകല്യം എന്നിങ്ങനെ ബന്ധങ്ങൾ തകരാനുള്ള കാരണങ്ങൾ പലതാകാം. ഇവയ്ക്കു പുറമെ, ഈശോയുടെ ഉപമയിലെ, കള വിതച്ചിട്ട് ഇരുട്ടിൽ മറഞ്ഞുകളയുന്ന ദുഷ്ടനെപ്പോലെ (മത്താ. 13/25), അപവാദ പ്രചരണങ്ങളിലൂടെ പരസ്പര വെറുപ്പും ശത്രുതയും നിഷ്കളങ്കമനസ്സുകളിൽ പാകി വളർത്തി കുടുംബങ്ങളിലും സമൂഹങ്ങളിലും അനൈക്യം വിതയ്ക്കുന്ന ബാഹ്യശക്തികളും ബന്ധങ്ങളെ തകർക്കാൻ കാരണമാകാം. അല്പകാലത്തേയ്ക്കെങ്കിലും ഇത്തരം പൈശാചികവേലയ്ക്കു സ്വയം സമർപ്പിക്കുന്നവർ വരുത്തിവയ്ക്കുന്ന ദ്രോഹം വളരെ വലുതാണ്. പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ വെറുപ്പിന്റേയും വിഭാഗീയതയുടേയും വഴി തെരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നവരുടെ ഉപദേശങ്ങൾ ജാഗ്രതയോടെ തിരിച്ചറിയണം, ഒഴിവാക്കണം.

ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ അനുരഞ്ജനശ്രമങ്ങളും സാധാരണമാണ്. അനുരഞ്ജനശ്രമങ്ങളെ പൊതുവിൽ മാനുഷികമായ സമീപനം, ദൈവികമായ സമീപനം എന്നിങ്ങനെ രണ്ടായി തിരിക്കാം. ദൈവികമായ സമീപനത്തിനു മാത്രമേ, നിലനിൽക്കുന്ന സ്നേഹത്തിൽ ബന്ധങ്ങളെ ക്രമീകരിക്കാൻ സാധിക്കുകയുള്ളൂ. മാനുഷികമായ രീതിയിൽ അനുരഞ്ജനം സൃഷ്ടിക്കാൻ ശ്രമിച്ചാൽ ഉണ്ടാകാൻ പോകുന്നത് ഒരു താല്കാലിക നീക്കുപോക്ക് മാത്രമായിരിക്കും. ഇരുകൂട്ടർക്കും, നേട്ടം ഉണ്ടാക്കാനായി അല്ലങ്കിൽ നഷ്ടം ഇല്ലാതാക്കാനായി ഉണ്ടാക്കിയെടുക്കുന്ന ഒരു ധാരണയായിരിക്കും അത്. ഒരു ഉദാഹരണം പരിശോധിക്കാം: തന്റെ അമ്മായിയപ്പനായ ലാബാന്റെ പക്കൽനിന്നും തനിക്കുള്ളതെല്ലാമെടുത്ത് കടന്നുകളഞ്ഞ യാക്കോബിനെയും സംഘത്തേയും പിൻതുടർന്ന് ലാബാനും അനുചരന്മാരും എത്തുന്ന ഒരു രംഗം ഉല്പത്തി പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. അതുവരെ പരസ്പരം ഏല്പിച്ച നഷ്ടങ്ങളും

വൈകാരികമുറിവുകളും തുറന്നു കാണിച്ചതിനുശേഷം ഇരുദിശകളിലേക്ക് പിരിഞ്ഞുപോകാനാണ് കണ്ടുമുട്ടിയപ്പോൾ അവർ തീരുമാനിച്ചത്. അവർക്കിടയിൽ അതിരും സാക്ഷ്യവുമായി ഒരു കൽകൂമ്പാരവും ഒരു തൂണും അവർ സ്ഥാപിച്ചു. 'നിന്നെ ഉപദ്രവിക്കാൻ ഈ കൂമ്പാരത്തിന് അപ്പുറത്തേയ്ക്ക് ഞാനും, എന്നെ ഉപദ്രവിക്കാൻ ഇപ്പുറത്തേയ്ക്കു നീയും കടക്കുകയില്ല' (ഉല്പ. 31/52) എന്നവർ പരസ്പരം ഉടമ്പടി ചെയ്തു. ദൈവത്തെ സാക്ഷി നിറുത്തിയാണ് പരസ്പരം പിരിയാൻ അവർ തീരുമാനിച്ചത്. പരസ്പരം പിരിഞ്ഞ് അകലുന്നവർക്കിടയിലെ നിശബ്ദസാക്ഷിയായി നിൽക്കുന്ന ദൈവത്തെ നാം അവിടെ കാണുന്നു.

എന്നാൽ, അനുരഞ്ജനം ഒരു ദൈവികപ്രവൃത്തി എന്ന നിലയിൽ സംഭവിക്കുമ്പോൾ അനുരഞ്ജനശ്രമങ്ങളുടെ നിശബ്ദസാക്ഷിയായല്ല മറിച്ച്, ക്ഷമ നൽകിയും നഷ്ടങ്ങളുടെ വിലയൊടുക്കിയും സ്നേഹത്തോടെ ചേർത്തണച്ചും രമ്യതയുടെ ആദ്യ ചുവടുവയ്ക്കുന്ന കാരുണ്യവാനായാണ് ദൈവം ഇടപെടുന്നത്. തന്റെ ഏകജാതനായ ഈശോമിശിഹായിലൂടെ എല്ലാവരേയും എല്ലാറ്റിനേയും തന്നോട് അനുരഞ്ജിപ്പിക്കുകയും അവന്റെ കുരിശിലെ രക്തം വഴി സമാധാനവും രക്ഷയും സ്ഥാപിക്കുകയും ചെയ്യുന്ന സ്നേഹപിതാവായ ദൈവത്തെയാണ് പുതിയനിയമത്തിൽ നാം കാണുന്നത് (കൊളോ. 1/20). വിഘടിച്ച് നിൽക്കുന്നവർക്കിടയിൽ അതിരും മതിലും പോലെ നിൽക്കുന്ന കൽത്തൂണല്ല ഈശോയിൽ വെളിപ്പെട്ട ദൈവം.

യഥാർത്ഥ അനുരഞ്ജനം ദൈവം ആരംഭിക്കുന്ന ത്യാഗപൂർണ്ണമായ പ്രവർത്തിയാണെന്ന് മനസ്സിലാക്കുകയും അംഗീകരിക്കുകയുമാണ് നാം ചെയ്യേണ്ട ആദ്യത്തെ കാര്യം. 'വരുവിൻ നമുക്ക് രമ്യതപ്പെടാം' (ഏശ. 1/18) എന്നു ക്ഷണിക്കുന്ന ദൈവത്തോടാണ് മനുഷ്യർ ആദ്യമായി അനുരഞ്ജിതരാകേണ്ടത്. 'അങ്ങേയ്ക്കെതിരായി, അങ്ങേയ്ക്കു മാത്രമെതിരായി ഞാൻ പാപം ചെയ്തു. അങ്ങയുടെ മുൻപിൽ ഞാൻ തിന്മ പ്രവർത്തിച്ചു' (സങ്കീ. 51/4) എന്ന ദാവീദിന്റെ അനുതാപ സങ്കീർത്തനം നമ്മുടേയും പ്രാർത്ഥനയാക്കാം. തന്റെ മരണം വഴി സ്വന്തം ഭൗതികശരീരത്തിൽ നമ്മെ അനുരഞ്ജിപ്പിച്ച ക്രിസ്തുവിനോടുള്ള (കൊളോ. 1/22) ബന്ധമാണ് മറ്റെല്ലാ ബന്ധങ്ങളുടേയും അടിസ്ഥാനം. ഉത്ഥിതനും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തവനുമായ ക്രിസ്തുവിന്റെ മൗതികശരീരമാണല്ലോ ഇന്ന് ഈ ഭൂമിയിൽ ഉള്ളത്. അതുകൊണ്ടാണ്,

ക്രിസ്തുവിന്റെ മൗതികശരീരമായ സഭയോടുള്ള യോജിപ്പ് അനുരഞ്ജനത്തിന്റെ മുൻവ്യവസ്ഥയും ആദ്യപടിയുമാകുന്നത്. സഭയുടെ ഐക്യം കാത്തുസൂക്ഷിക്കാൻവേണ്ടി നാം സഹിക്കേണ്ടിവരുന്ന ത്യാഗങ്ങൾ ആദ്ധ്യാത്മിക അച്ചടക്കത്തിന്റെ ഭാഗമായി സ്വീകരിക്കണം. ഏകീകൃത കുർബാനയർപ്പണരീതിയെ സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങളിലും അതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അകൽച്ചകളിലും ദൈവികമായ അനുരഞ്ജനത്തിന്റെ വഴികളേതെന്ന് നമുക്ക് ഒന്നിച്ച് അന്വേഷിക്കാം. ദൈവത്തോടും സഭയോടും രമ്യതപ്പെടാതെ മനുഷ്യരോട് രമ്യപ്പെടാൻ നടത്തുന്ന ശ്രമങ്ങൾക്ക് പരിധിയും പരിമിതിയുമുണ്ടെന്ന് നാം ഓർമ്മിക്കണം.

'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' (യോഹ. 15/12) എന്നാണല്ലോ നമ്മുടെ കർത്താവും ദൈവവുമായ ഈശോ നമ്മോടു പറഞ്ഞത്. അതുകൊണ്ട്, പരസ്പരസ്നേഹത്തിന്റെ ഉൾക്കാമ്പായ അനുരഞ്ജനത്തിന്റെ മാർഗ്ഗങ്ങളും രീതികളും ദൈവത്തിൽനിന്നുതന്നെയാണ് നാം പഠിക്കേണ്ടത്. ക്ഷമ കൊടുത്തുകൊണ്ടാണ് അനുരഞ്ജനത്തിന്റെ വാതിൽ ദൈവം തുറക്കുന്നത് എന്നതാണ് ദൈവികമായ അനുരഞ്ജനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഈശോയുടെ കുരിശിലെ മരണത്തിൽ നാം കാണുന്നത് ഇതാണ്. വിശുദ്ധ പൗലോസ് പറയുന്നതുപോലെ, 'നാം ശത്രുക്കൾ ആയിരുന്നപ്പോൾ അവിടുത്തെ പുത്രന്റെ മരണത്താൽ ദൈവവുമായി രമ്യതപ്പെട്ടു' (റോമ. 5/10). അനുരഞ്ജനത്തിനായി ദൈവം വാതിൽ ഉദാരമായി തുറക്കുമ്പോൾ നമ്മുടെ സ്വാർത്ഥതാത്പര്യങ്ങൾകൊണ്ട് അനുരഞ്ജനത്തിന്റെ ദൈവികപദ്ധതി നാം അടച്ചുകളയരുത്. സ്വാതന്ത്ര്യത്തിനും നീതിക്കും ജീവിതത്തിൽ ദൈവഹിതം എന്ന് നിർവ്വചനം നൽകിയ പരിശുദ്ധ മറിയവും (ലൂക്കാ 1/38) വിശുദ്ധ യൗസേപ്പും (മത്താ. 1/19, 24) അനുരഞ്ജനത്തിന്റെ യഥാർത്ഥ മാതൃകകളാണ്.

ആദിമാതാപിതാക്കളുടെ പാപം മൂലമാണ് ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടുമുള്ള മനുഷ്യന്റെ ബന്ധം തകർന്നതെന്ന് നമുക്കറിയാമല്ലോ. ദൈവത്തോടൊപ്പം നടന്നിരുന്ന മനുഷ്യർ ദൈവത്തിൽനിന്ന് ഒളിച്ചുനിൽക്കാൻ തുടങ്ങി. മനുഷ്യർ പരസ്പരം പഴിചാരാൻ ആരംഭിച്ചു. ഭൂമി കഷ്ടതകൾ നിറഞ്ഞ ഒരു പണിയിടമായി മാറി. ഇങ്ങനെ ബന്ധങ്ങളെല്ലാം പാടേ തകർന്ന ഏദൻതോട്ടത്തിൽ അനുരഞ്ജനത്തിന് മുൻകൈ എടുത്തത് ദൈവമാണ്. അവിടുന്ന് മനുഷ്യനെ

അന്വേഷിച്ചുവന്നു. 'നീ എവിടെയാണ്?' (ഉല്പ. 3/9) എന്നു ചോദിച്ചു കൊണ്ട് മനുഷ്യനുമായി സംഭാഷണമാരംഭിച്ചു. അനുരഞ്ജനം ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ വൽസലമക്കളെപ്പോലെ ദൈവത്തെ അനുകരിച്ച് സംഭാഷണത്തിന് തുടക്കം കുറിക്കണം. എന്താണ് സംഭവിച്ചതെന്ന് പറയാനും കേൾക്കാനും തയ്യാറാകണം. നിയമങ്ങളും ലംഘനങ്ങളും വെളിപ്പെടണം. സ്നേഹത്തിൽ സത്യം മുറുകെ പിടിച്ചുകൊണ്ട് ക്രിസ്തീയ പക്വതയോടെ (എഫേ. 4/15) പരസ്പരം സംസാരിക്കാൻ കഴിയണം. ആൾക്കൂട്ടങ്ങളുടെ ആക്രോശങ്ങളല്ല, ആദരവോടെയുള്ള സംഭാഷണമാണ് വേണ്ടത്. അപ്പോൾ നീതിയിലും സത്യത്തിലും അധിഷ്ഠിതമായ അനുരഞ്ജനം സാധ്യമാകും.

അനുരഞ്ജനത്തിന്റെ ഹൃദയസ്പർശിയായ ഒരു ചിത്രമാണല്ലോ ധൂർത്തപുത്രന്റെ ഉപമയിൽ ഈശോ വരച്ചുവയ്ക്കുന്നത്. മടങ്ങിവന്ന ആ ധൂർത്തപുത്രനെ അവന്റെ പിതാവ് ആലിംഗനം ചെയ്യുകയാണ് ആദ്യമായി ചെയ്തത്. ആലിംഗനത്തിന്റെ അർത്ഥങ്ങൾ നാം ധ്യാനിക്കണം. നീ എനിക്ക് വിലപ്പെട്ടവനാണ്, നീ ബഹുമാന്യനാണ്, നിന്റെ തിരിച്ചുവരവിൽ ഞാൻ അതിയായി ആനന്ദിക്കുന്നു - ഇതെല്ലാമാകാം ആ പിതാവ് ആലിംഗനത്തിലൂടെ തന്റെ പുത്രനോട് പറഞ്ഞത്. മറുവശത്ത്, തികഞ്ഞ ധിക്കാരത്തിനും ധൂർത്തിനും ശേഷം തിരിച്ചുവന്ന മകൻ അപ്രതീക്ഷിതമായി അവനു ലഭിച്ച ആലിംഗനത്തിൽനിന്ന് എന്തായിരിക്കും മനസ്സിലാക്കിയിട്ടുണ്ടാവുക? ഒരുപക്ഷേ, അവന്റെ ഹൃദയം ഇങ്ങനെയെല്ലാം ചിന്തിച്ചിരിക്കാം: പിതാവ് എന്നെ അതിരറ്റ് സ്നേഹിക്കുന്നു, പിതാവ് എന്നോട് ക്ഷമിച്ചിരിക്കുന്നു, പിതാവിനോട് ഞാൻ വലിയ തെറ്റ് ചെയ്തിരിക്കുന്നു. പരസ്പരം അനുരഞ്ജിതരാൻ നാം ശ്രമിക്കുമ്പോൾ ഈശോയുടെ ഉപമയിലെ അപ്പന്റേയും ഇളയമകന്റേയും ശൈലികൾ നാം മാറിമാറി സ്വീകരിക്കണം. സുബോധം വീണ്ടെടുത്ത് മടങ്ങിവരവിന് തയ്യാറാകണം. മടങ്ങിവരവിന്റെ ലക്ഷണങ്ങൾ കാണിക്കുന്നവരെ ക്ഷമയുടെ ആലിംഗനംകൊണ്ട് പൊതിയണം. കുടുംബങ്ങളിലും സമൂഹങ്ങളിലും സഭയിലും നാം ഓരോരുത്തരും ആരോടെല്ലാം ദയാലുവായ അപ്പനെപ്പോലെ പെരുമാറണമെന്നും ആരുടെയെല്ലാം അടുത്തേയ്ക്ക് പശ്ചാത്താപവിവശനായ മകനെപ്പോലെ മടങ്ങിചെല്ലണമെന്നും ആത്മപരിശോധന നടത്തി കണ്ടെത്തണം. മടങ്ങിവരുന്ന സഹോദരനും അവനെ സ്വീകരിക്കുന്ന അപ്പനും എതിരെ കുറ്റാ

രോപണങ്ങളുമായി വീടിനു പുറത്ത് കലഹിച്ചുനിൽക്കുന്ന മൂത്ത പുത്രനെ നാം ആരും അനുകരിക്കരുത്.

നമ്മുടെ അതിരൂപതയിൽ സഭയോടും പരസ്പരവുമുള്ള അനുരഞ്ജനം ഇപ്പോൾ ഏറ്റവും കൂടുതൽ പ്രകടമാകേണ്ടത് വിശുദ്ധ കുർബാന അർപ്പണരീതിയെകുറിച്ചുള്ളതാണ്. അനുരഞ്ജനത്തിന്റെ ചൈതന്യത്തിൽ സഭാകൂട്ടായ്മയിൽ നിലനിൽക്കുന്നതിന് ആഹ്വാനം ചെയ്തുകൊണ്ട് ഫ്രാൻസിസ് മാർപ്പാപ്പ 2022 മാർച്ച് 25-ന് മംഗളവാർത്താതിരുനാൾ ദിനത്തിൽ എർണാകുളത്തെ ദൈവജനത്തിന് ഇപ്രകാരം എഴുതി: 'ക്രൈസ്തവ വിശ്വാസികൾ എന്നനിലയിൽ, നമ്മുടെ പെരുമാറ്റം, എങ്ങനെ വിയോജിപ്പു പ്രകടിപ്പിക്കുന്നു, വൈഷമ്യങ്ങളെയും താഴ്ത്തപ്പെടലിനെയും എങ്ങനെ സ്വീകരിക്കുന്നു, എങ്ങനെ ഒരു ചുവട് പിന്നോട്ട് വയ്ക്കുന്നു, എന്നിങ്ങനെ സ്വയം ചോദിക്കുന്നത് നന്നായിരിക്കും. ഇത് കർത്താവിലെയ്ക്ക് നോക്കി അവിടത്തെ ഉൽകണ്ഠയിലും പീഡാസഹനത്തിലും തുടങ്ങി അവിടത്തോടൊപ്പം പെസഹാരഹസ്യം ഒരുമിച്ച് അനുഭവിക്കാനും ആഘോഷിക്കാനുമുള്ള സന്നദ്ധതയോടെയാകണം; അല്ലാതെ, വിജയത്തിന്റെയോ പരാജയത്തിന്റെയോ അഥവാ ഒരു ഗ്രൂപ്പിനെതിരെ മറ്റൊന്ന് എന്ന മാനുഷിക മാനദണ്ഡത്തിനോ അനുസൃതമായിട്ടാകരുത്.' സിനഡ് തീരുമാനപ്രകാരമുള്ള ഏകീകൃത കുർബാനയർപ്പണരീതിയുടെ കാര്യത്തിൽ നമ്മുടെ അതിരൂപതയിലെ വിശ്വാസികൾ ഒരു മനസ്സോടെ സീറോമലബാർസഭയോട് അനുരഞ്ജനപ്പെട്ട് ഐക്യത്തിൽ പ്രവർത്തിക്കാനുള്ള ആഹ്വാനമാണ് ഫ്രാൻസിസ് മാർപ്പാപ്പ ഇതുവഴി നൽകിയത്. മാർപ്പാപ്പ വീണ്ടും പറയുന്നു: 'ബുദ്ധിമുട്ടുള്ളതും വേദനാജനകവുമായ ഒരു ചുവടുവെപ്പ് നടത്താനാണ് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു, എന്നാൽ, കർത്താവിന്റെ ശബ്ദം കേൾക്കാനും മാർപാപ്പയുടെ ഉപദേശത്തിലും അഭ്യർത്ഥനയിലും വിശ്വസിക്കാനും തയ്യാറുള്ള പുരോഹിതരുടെയും അത്മായവിശ്വാസികളുടെയും മാതൃകകൾ ഞാൻ നിങ്ങളിൽ കണ്ടെത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്.' പരിശുദ്ധ പിതാവ് നമ്മിലർപ്പിച്ച ഈ വിശ്വാസം നിറവേറ്റാൻ നമുക്ക് സാധിക്കട്ടെ. മാർപ്പാപ്പയും സഭയും ആവശ്യപ്പെടുന്ന ഈ അനുരഞ്ജനം സാധ്യമാകുന്നില്ലെങ്കിൽ നാം സഭാകൂട്ടായ്മയിൽനിന്നും അകലുകയായിരിക്കും ചെയ്യുന്നത്. 2023 ജനുവരിയിലെ സിനഡ് വ്യക്തമാക്കിയതുപോലെ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്ന്യാസ ഭവ

നങ്ങളിലും നിയമാനുസൃതമായ രീതിയിൽ കുർബാനയർപ്പണരീതി നടപ്പിലാക്കി സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും ഐക്യ ത്തിന്റെയും കൂദാശയായ പരിശുദ്ധ കുർബാനയിൽനിന്ന് ശക്തി സംഭ രിച്ച് ക്രൈസ്തവസാക്ഷ്യം നൽകാൻ ഞാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

ആഗതമാകുന്ന ഉത്ഥാനത്തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. ഈശോയുടെ തിരുഹൃദയത്തിന്റെ കരുണയും കൃപയും പരി ശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പ് പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും മദ്ധ്യസ്ഥതയും നിങ്ങൾക്കേവർക്കും ആശംസിക്കുന്നു!!!

എന്ന്, എറണാകുളം-അങ്കമാലി അതിരൂപതാ കാര്യാലയത്തിൽനിന്ന്
2023 മാർച്ച് 20-ാം തീയതി

ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ
എറണാകുളം-അങ്കമാലി മേജർ അതിരൂപത

..................................................

N.B.: ഈ ഇടയലേഖനം 2023 മാർച്ച് 26-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങ ളിലും വായിക്കുന്നതിനായി നൽകിയത്.



# ദൈവവിളി ക്യാമ്പ്

അതിരൂപതയുടെ നേതൃത്വത്തിലുള്ള ദൈവവിളിക്യാമ്പ് **2023 ഏപ്രിൽ 11, 12, 13** തീയതികളിൽ തൃക്കാക്കര തിരുഹൃദയ മൈനർ സെമിനാരിയിൽ നടത്തുന്നു. അതിരൂപതാ വൈദികരായി സേവനം ചെയ്യാൻ താല്പര്യമുള്ള 10, 12, Degree and above ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ക്യാമ്പിലേക്ക് പറഞ്ഞയ്ക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ക്യാമ്പ് ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ആരംഭിച്ച് 13-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 4.00 മണിക്ക് അവസാനിക്കുന്നു.

**ഫാ. ജോമോൻ മാടവനക്കാട്**
**വൊക്കേഷൻ പ്രൊമോട്ടർ** (9744876897)

# കച്ചേരിക്കാര്യം

## വിശുദ്ധ തൈലം

പള്ളികളിലേക്കുള്ള വിശുദ്ധ തൈലം ഓശാന കഴിഞ്ഞുള്ള ബുധനാഴ്ച മുതൽ അതിരൂപതാ കച്ചേരിയിൽനിന്നും ലഭിക്കുന്നതാണ്.

## നാമഹേതുകത്തിരുനാൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്ത കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# അഭിനന്ദനങ്ങൾ



ബംഗ്ളൂരു ധർമ്മാരാം വിദ്യാക്ഷേത്രത്തിൽനിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹുമാനപ്പെട്ട ഷിനു ഉതുപ്പാൻ** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "Indian Economy and Development in the Post-Reform Period of Neoliberal Paradigm: A Christian Economic Ethical Response"



റോമിലെ Ateneo Pontificio Regina Apostolorum സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കിയ **ബഹുമാനപ്പെട്ട പോൾ (ജെറി) ഞാളിയത്ത്** അച്ചന് അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

പ്രബന്ധം: "Articulation of the Theory of Identity of Catholic Hospitals and a Quantitative Research on the Identity of Catholic Multi-specialty Hospitals in Kerala"

# വാർത്തകളും വിശേഷങ്ങളും

## പത്താം വാർഷികത്തിൽ ഫ്രാൻസിസ് മാർപാപ്പ

മാർപാപ്പയായിരിക്കുന്നത് എളുപ്പമുള്ള ജോലിയല്ലെന്നും ചെയ്യുന്നതിനു മുമ്പ് അതു പഠിക്കാനുള്ള അവസരം ആർക്കുമില്ലെന്നും ഫ്രാൻസിസ് മാർപാപ്പ. മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടതിന്റെ പത്താം വാർഷികത്തിൽ ഒരു ദിനപത്രത്തിനു നൽകിയ അഭിമുഖത്തിലാണ് പാപ്പായുടെ ഈ പരാമർശം. ക്രിസ്തുവിനെ തള്ളിപ്പറയുകയെന്ന വീഴ്ച പത്രോസിനുണ്ടായി. എന്നിട്ടും ഉത്ഥാനത്തിനു ശേഷം പത്രോസിനെയാണ് ഈശോ തിരഞ്ഞെടുത്തത്. അതാണു കർത്താവ് നമ്മോടു കാണിക്കുന്ന കരുണ. പാപ്പായോടും ആ കരുണ അവിടുന്ന് കാണിക്കുന്നു. ഞാൻ പ്രയോജനശൂന്യനായ ഒരു ദാസൻ എന്നാണ് പോൾ ആറാമൻ മാർപാപ്പ തന്റെ മരണചിന്തകളിൽ എഴുതിയത് - മാർപാപ്പ വിശദീകരിച്ചു.

ഒമ്പത് കർദിനാൾമാർ അംഗങ്ങളായ തന്റെ ഉപദേശകസമിതിയും ഫ്രാൻസിസ് മാർപാപ്പ പുനഃസംഘടിപ്പിച്ചു. ഉത്തരവാദിത്വങ്ങളിൽ നിന്നു വിരമിച്ചതിനെ തുടർന്നും മറ്റും ഏതാനും പേർ ഒഴിവായ സമിതിയിലേക്ക് അഞ്ച് കർദിനാൾമാരെ പാപ്പ പുതുതായി നിയമിച്ചു. 2013-ൽ ഫ്രാൻസിസ് മാർപാപ്പയാണ് തന്റെ സ്ഥാനാരോഹണത്തെ തുടർന്ന് എല്ലാ വൻകരകൾക്കും പ്രാതിനിധ്യം നൽകി ഇപ്രകാരമൊരു ഉപദേശകസമിതിയെ നിയമിച്ചത്. റോമൻ കൂരിയാ പരിഷ്കരണത്തിനു പാപ്പായെ സഹായിക്കുക എന്നതായിരുന്ന സമിതിയുടെ പ്രാരംഭ ലക്ഷ്യം. മുംബൈ ആർച്ചുബിഷപ് കാർഡിനൽ ഒസ്വാൾഡ് ഗ്രേഷ്യസ്, അമേരിക്കൻ കാർഡിനൽ സീൻ പാട്രിക് ഒമാലി, വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കാർഡിനൽ പിയെട്രോ പരോളിൻ എന്നിവരാണ് സ്ഥാപനകാലം മുതൽ ഇതുവരെ ഈ സമതിയിൽ തുടരുന്നത്.

## പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഇടവക ദേവാലയങ്ങളുടെ നേതൃത്വത്തിൽ ബ്രഹ്മപുരത്തെ മാലിന്യ നിക്ഷേപകേന്ദ്രത്തിൽ നിന്നും നഗരം മുഴുവൻ വിഷപ്പുക പടരാനുണ്ടായ സാഹചര്യത്തിനെതിരെയും മാലിന്യസംസ്കരണ രീതികൾ ജനകീയമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും മെഴുകുതിരികൾ തെളിച്ച് പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. അതിരൂപതയിലെ വിവിധ ദേവാലയങ്ങളിൽ പ്രതിഷേധ ജ്വാലയ്ക്ക് വികാരിമാർ, കൈക്കാരന്മാർ തുടങ്ങിയവർ നേതൃത്വം നൽകി.

# AICO

## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ഫെബ്രു. 22 | വെൽഫെയർ സർവീസസ്, എറണാകുളം |
| മാർച്ച് 06 | ഭാരത മാതാ കോളേജ് എഡ്യുക്കേഷണൽ ട്രസ്റ്റ് |
| മാർച്ച് 08 | 1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി<br>2. മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| മാർച്ച് 09 | ലിറ്റിൽ ഫ്ലവർ ഹോസ്പിറ്റൽ, അങ്കമാലി |
| മാർച്ച് 21 | 1. മാർ ലൂയിസ് ബുക്ക് സെന്റർ, എറണാകുളം<br>2. സഹൃദയ വെസ്കോ ക്രെഡിറ്റ്<br>3. വെൽഫെയർ സർവീസസ്, എറണാകുളം |
| മാർച്ച് 24 | അതിരൂപതാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേലധികാരികളുടെ മീറ്റിംഗ് |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഫെബ്രു. 21 | റിന്യൂവൽ സെന്റർ, കലൂർ |
| ഫെബ്രു. 22 | 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി<br>2. നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| ഫെബ്രു. 27 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| മാർച്ച് 01 | സാന്തോം പ്രീസ്റ്റ് ഹോം, പൊതി |
| മാർച്ച് 02 | സെന്റ് മേരീസ് ചർച്ച്, മുട്ടം, ചേർത്തല |
| മാർച്ച് 03 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| മാർച്ച് 08 | 1. കാർഡിനൽ സ്കൂൾ, തൃക്കാക്കര<br>2. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| മാർച്ച് 10 | നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട്, പൊങ്ങം |
| മാർച്ച് 11 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |

| | |
|---|---|
| മാർച്ച് 14 | നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട്, പൊങ്ങം |
| മാർച്ച് 15 | 1. ഗുരുകുലം സെമിനാരി, തൃക്കാക്കര<br>2. സെന്റ് ഫ്രാൻസിസ് ചർച്ച്, ആമ്പല്ലൂർ |
| മാർച്ച് 16 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |
| മാർച്ച് 17 | 1. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട്, പൊങ്ങം<br>2. സെന്റ് മേരീസ് ചർച്ച്, ഞാറക്കൽ<br>3. സെന്റ് ജോസഫ്സ് ചർച്ച് , പല്ലംതുരുത്ത് |
| മാർച്ച് 20 | നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട്, പൊങ്ങം |
| മാർച്ച് 21 | സെന്റ് ജോസഫ്സ് ചർച്ച്, കോക്കുന്ന് |
| മാർച്ച് 22 | കാർഡിനൽ സ്കൂൾ, തൃക്കാക്കര |
| മാർച്ച് 24 | ജിയോ സെന്റർ, ചക്കരപ്പറമ്പ് |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

---

## മാർ എബ്രാഹം കാട്ടുമന പിതാവിന്റെ 28-ാം ചരമവാർഷികം



ഏപ്രിൽ 04 വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. അന്നേദിവസം പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**



# നിര്യാതരായി



**സി. ബസിലിയ FCC**
എസ്.എച്ച്. പ്രൊവിൻസ് എറണാകുളം

| | | |
|---|---|---|
| ജനനം | : | 13-02-1929 |
| ആദ്യവ്രതം | : | 17-05-1951 |
| മരണം | : | 29-03-2023 |



**സി. തദേവൂസ് FCC**
എസ്.എച്ച്. പ്രൊവിൻസ് എറണാകുളം

| | | |
|---|---|---|
| ജനനം | : | 07-05-1940 |
| ആദ്യവ്രതം | : | 07-05-1963 |
| മരണം | : | 15-03-2023 |



**സി. റിഡംപ്റ്റ FCC**
എസ്.എച്ച്. പ്രൊവിൻസ് എറണാകുളം

| | | |
|---|---|---|
| ജനനം | : | 09-12-1940 |
| ആദ്യവ്രതം | : | 07-05-1963 |
| മരണം | : | 04-03-2023 |



**സി. സിലിനിയ CMC**
വിമല ഭവൻ, തൃക്കാക്കര

| | | |
|---|---|---|
| ജനനം | : | 05-08-1940 |
| ആദ്യവ്രതം | : | 01-05-1961 |
| മരണം | : | 24-03-2023 |



**സി. ക്രിസ്റ്റല്ല CSN**
സിസ്റ്റേഴ്സ്ഓഫ് നസ്രത്ത്, പാദുവാപുരം

| | | |
|---|---|---|
| ജനനം | : | 27-05-1935 |
| ആദ്യവ്രതം | : | 10-08-1965 |
| മരണം | : | 09-03-2023 |

# വിശ്വാസപരിശീലനകേന്ദ്രം

1. പരീക്ഷാഫലം: എറണാകുളം-അങ്കമാലി അതിരൂപതയിൽ 2023 ജനുവരി 29-ന് നടന്ന പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ കുട്ടികളുടെ പരീക്ഷയുടെ ഫലപ്രഖ്യാപനം 08/03/2023 Caticorpil-ൽ ലഭ്യമാക്കിയിട്ടുണ്ട്. പത്താം ക്ലാസിൽ 5500 കുട്ടികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 17 പേർക്ക് A+ Grade (സ്കോളർഷിപ്പ്) ഉണ്ട്. പന്ത്രണ്ടാം ക്ലാസ്സിൽ 4815 കുട്ടികളാണ് പരീക്ഷ എഴുതിയത്. ഇതിൽ 38 പേർക്ക് A+ Grade ഉം 14 പേർക്ക് സ്കോളർഷിപ്പും ഉണ്ട്.

2. 2023-ലെ ഇന്റൻസീവ് ബൈബിൾ കോഴ്സിന് ഒരുക്കമായി Action Song Lyrics Competition നടത്തി. 'നന്മയിൽ വളരാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു മത്സരം. മത്സരത്തിലെ വിജയികൾ.

| | | |
|---|---|---|
| 1. | Mr. Davis Panagattuparambil | Christ the King Monastry Church, Karukutty |
| 2. | Mr. Jees P Paul | St. Antony's Church, Achinakom |
| 3. | Mrs. Dr. Ciji Sijo Pynadath | Infant Jesus Church, Kizhakkumbhagam |
| 4. | Mrs. Mary Vijayam Maliaeckal | St. Mary's Church, Thripunithura |
| | Mrs. Margaret Jojo | Little Flower Church, Nadel |
| 5. | Bro. Sherin Devassykutty SDB | St. Andrew's Church, Periyarmugham |
| 6. | Mr. Jerin Jose Nendumthettayil | Sacred Heart Church, Illithode |
| 7. | Mr. KC. Paulose Kandekkatt | St. Raphael's Church, Ezhupunna |
| 8. | Shinimol | St. Antony's Church Muttathiparambu |
| 9. | Blessy Mariya PB | St. Mary's Church, Palluruthy |
| 10. | Binoy Manakaparambil | St. George Church, Chully |

മത്സരഫലത്തിനായി catechismernakulam YouTube Channel-ൽ സന്ദർശിക്കുക.

3. IBC യുടെ അതിരൂപതാതലത്തിലുള്ള ഔദ്യോഗികമായ ഉദ്ഘാടനം മാർച്ച് 25-ാം തീയതി ശനിയാഴ്ച അതിരൂപതാ വിശ്വാസ പരിശീലന ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ നിർവ്വഹിച്ചു.

4. ലോഗോ ഡിസൈനിംങ് മത്സരം: കാറ്റിക്കിസം 2023-24 ലോഗോ ഡിസൈനിങ് മത്സരം നടത്തി. 'നന്മയിൽ വളരാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു മത്സരം. മത്സരങ്ങളുടെ ഫലം പിന്നീട് അറിയിക്കുന്നതായിരിക്കും.

5. 2022-2023 അദ്ധ്യയന വർഷത്തിലെ കാറ്റിക്കിസം ഡിപ്ലോമ റസിഡൻഷ്യൽ കോഴ്സ്: രണ്ടാം വർഷ ഡിപ്ലോമ 2nd Session: 2023 ഏപ്രിൽ 14, 15 (വെള്ളി, ശനി) തീയതികളിൽ. കോഴ്സിന്റെ അവസാന ദിവസം പരീക്ഷ ഉണ്ടാകും.

6. പുനഃപരീക്ഷ: X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പുനഃപരീക്ഷ 2023 ഏപ്രിൽ 16 ഞായറാഴ്ച നടത്തുന്നു. അതത് ക്ലാസ്സുകളിലെ ഒന്നാം സെമസ്റ്റർ പരീക്ഷ രാവിലെ 10.00 മണി മുതൽ 12.00 മണി വരെയും രണ്ടാം സെമസ്റ്റർ പരീക്ഷ ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെയും ആയിരിക്കും. പരീക്ഷ നടക്കുന്ന സെന്റർ പിന്നീട് അറിയിക്കുന്നതാണ്.

7. സ്പർശ് പ്രോഗ്രാം: ഏപ്രിൽ 20, 21, 22, 23 തീയതികളിൽ (വ്യാഴം, വെള്ളി, ശനി, ഞായർ) സ്പർശ് പ്രോഗ്രാം XI-ാം ക്ലാസ്സിലെ ലീഡേഴ്സി നായി ആലുവ ചുണ്ടി നിവേദിതയിൽ നടത്തുന്നു. 20-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആരംഭിച്ച് 23-ാം തീയതി വൈകിട്ട് 4.00 മണിക്ക് സമാപിക്കുന്നു.

8. ആദരവ്: 12 വർഷം (2010-2023) ഞായറാഴ്ചകളിൽ മുടങ്ങാതെ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളെ അതിരൂപത വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആദരിക്കുന്നു. ഓരോ ഇടവകയിലും അർഹതയുള്ള കുട്ടികളുടെ പേര് വികാരിയച്ചന്റെ അംഗീകാരത്തോടെ 2023 ഏപ്രിൽ 15-ാം തീയതിയ്ക്ക് മുമ്പായി വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിക്കുമല്ലോ. അതിരൂപതാ

തലത്തിൽ നിന്നും നൽകിയിട്ടുള്ള IBC ബുക്കുകൾ ലഭ്യമാക്കി IBC നടത്തിയ യൂണിറ്റുകളിലെ കുട്ടികളുടെ ഹാജറും പരിഗണിക്കുന്നതാണ്.

9. Text Book Order: ഓരോ ക്ലാസിലേയ്ക്കും ആവശ്യമായ കാറ്റിക്കിസം പാഠപുസ്തകങ്ങളുടെ എണ്ണം ഏപ്രിൽ 20-ാം തീയതിക്ക് മുൻപായി ഫൊറോന സെക്രട്ടറി സിസ്റ്റർമാരുടെ പക്കൽ ഏല്പിക്കുമല്ലൊ. Moral Science Text, Holy Communion Text (Malayalam & English), Pocket Bible, നമസ്ക്കാരങ്ങൾ, കുടുംബപ്രാർത്ഥനകൾ, ലോഗോസ് ക്വിസ്സ്, Basic Catholic Prayers, Little Catechism 303 Questions & Answers എന്നീ പുസ്തകങ്ങളുടെയും ഓർഡർ നൽകുന്നതും അഭികാമ്യം.

10. ഫൊറോന കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിങ്: 2023 മാർച്ച് 6-ാം തീയതി തിങ്കളാഴ്ച കാറ്റിക്കിസം ഓഫീസിൽ കൂടി. ഇന്റൻസീവ് ബൈബിൾ കോഴ്സ്, അടുത്ത അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങൾ എന്നിവ ആയിരുന്നു മീറ്റിങിന്റെ വിഷയങ്ങൾ.

11. നന്ദി: അതിരൂപതാ വിശ്വാസപരിശീലന വിഭാഗത്തിന്റെ ഫൊറോന ഡയറക്ടർമാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് പുതിയ പ്രവർത്തനമേഖലകളിലേക്ക് യാത്രയായ ബഹുമാനപ്പെട്ട രാജൻ പുന്നയ്ക്കലച്ചൻ, പോൾ പാറേക്കാട്ടിലച്ചൻ, കുര്യൻ കട്ടക്കയം അച്ചൻ, വർഗീസ് ആലുക്കലച്ചൻ എന്നിവർക്ക് അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദിയും കടപ്പാടും പ്രാർത്ഥനാശംസകളും.

12. ഓഫീസ് അവധി : ഏപ്രിൽ 5, 6, 7, 8, 9 ദിവസങ്ങളിൽ കാറ്റിക്കിസം ഓഫീസിന് അവധിയായിരിക്കും.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2023 ഏപ്രിൽ - മെയ്

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ഏപ്രിൽ 03-05 (കലൂർ) | മെയ് 02-04 (കാലടി) |
| ഏപ്രിൽ 11-13 (കാലടി) | മെയ് 08-10 (കലൂർ) |
| ഏപ്രിൽ 17-19 (കലൂർ) | മെയ് 16-18 (കാലടി) |
| ഏപ്രിൽ 18-20 (കാലടി) | മെയ് 22-24 (കലൂർ) |
| ഏപ്രിൽ 25-27 (കാലടി) | മെയ് 30- ജൂൺ 01 (കാലടി) |

NB: ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### ബേബിഷൈൻ ധ്യാനം (Contact: 8078334522)

മെയ് 05-07

### ദമ്പതി ധ്യാനം (Contact: 8078334522)

ഏപ്രിൽ 13-16 മെയ് 11-14

### യൂദിത്ത് ഷൈൻ വിധവാധ്യാനം (Contact: 9400836249)

ഏപ്രിൽ 21 -23 മെയ് 26-28

### പാരന്റിംഗ് ധ്യാനം (Contact: 8078334522)

ഏപ്രിൽ 28-30 മെയ് 19-21

### ഫാമിലി ഔവർ

ഏപ്രിൽ 15 യൂദിത്ത്ഫോറം
ഏപ്രിൽ 22 എം. സി. സി

### കുടുംബനവീകരണ ധ്യാനം

ഏപ്രിൽ 02-04 കാർഡിനൽ നഗർ

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**

  Attn: + 2 students & graduates - golden opportunity awaits you!

- Study, work & settle in your dream destinations- Canada, UK, Germany, Ireland, Australia & New Zealand and other exciting countries.
- September 2023 intake is open. Apply immediately.
- IELTS offline & online classes (New batches on all Mondays)
- UK Nursing Free Recruitment
- Ireland Nursing, Apply Immediately.

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു. അവധിക്കാല കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ് 2023 ഏപ്രിൽ മാസം ആരംഭിക്കുന്നതാണ്.

- **Talent Track**

- ടാലന്റ് ട്രാക്ക് വിദ്യാർത്ഥികളുള്ള ഇടവകകളിൽ നൈപുണ്യ ഇന്റർനാഷണൽ ടീം ഏപ്രിൽ, മെയ് മാസങ്ങളിൽ കരിയർ ഗൈഡൻസ് ക്ലാസ്സ് നല്കുവാൻ ആഗ്രഹിക്കുന്നു. താല്പര്യമുള്ള ഇടവകകളിലെ വികാരി അച്ചന്മാർ സമയവും തീയതിയും അറിയിച്ചാൽ നൈപുണ്യ ടീം കരിയർ ഗൈഡൻസ് നൽകുന്നതാണ്. ടാലന്റ് ട്രാക്ക് ആനിമേറ്റേഴ്സ് ഇതൊരു അറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
- ടാലന്റ് ട്രാക്ക് ക്ലബ് ഇല്ലാത്ത ഇടവകകളിലും കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നയിക്കുന്നതാണ്.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 0484-4029144**

- **ഏപ്രിൽ മാസത്തിലെ പ്രോഗ്രാമുകൾ**

1. ജർമ്മൻ കോഴ്സ് ഓഫ്ലൈൻ ബാച്ച് (A1 ) ഏപ്രിൽ 10-ന് ആരംഭിക്കുന്നു.
2. സ്പാനിഷ് കോഴ്സ് ഓൺലൈൻ ബാച്ചുകൾ (A1 & A2) ഏപ്രിൽ 10-ന് ആരംഭിക്കുന്നു.
3. സിവിൽ സർവീസ് റെഗുലർ, ഓറിയന്റേഷൻ, ഫൗണ്ടേഷൻ & സൺഡേ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു (2023-2024).
4. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs (APRIL)**

- UGC NET PAPER I & PAPER II (Offline)
- BANK and SSC coaching Regular - offline (new admission all Mondays)
- PSC -Offline (new admission all Mondays)
- IELTS -Regular & Offline (all Mondays new batch)
- PTE (Pearson Test of English) (All Mondays new batch)

- VACATION PROGRAMS

- One Month Program (Std. VII - XII)
- One Week Program (Std. VII - XII)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായ ങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്ന Naipunnya International Angamaly Branch -ൽ നിന്നും നിരവധി കുട്ടികൾ വിദേശ വിദ്യഭ്യാസം സാധ്യമാക്കിവരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

---

# Department of Evangelization &Prayer Groups

അതിരൂപതാ ഇവഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ 'ഈശോ സ്പർശ്' ധ്യാനം നടത്താൻ ക്ഷണിച്ച പെരിയാർമുഖം, ഏഴാറ്റുമുഖം, കൊല്ലക്കോട്, കിഴക്കമ്പലം, ഇടപ്പള്ളി എന്നീ ഇടവകകളിലെ എല്ലാ വികാരി അച്ചന്മാർക്കും വിശ്വാസ സമൂഹത്തിനും സഹപ്രവർത്തകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

15/03/23-ൽ കളമശ്ശേരി എമ്മാവൂസിൽ വച്ച് 13 പേരടങ്ങുന്ന പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സിന്റെ മീറ്റിംഗ് നടന്നു.

അതിരൂപതാ ഇവഞ്ചലൈസേഷൻ ടീമിന്റെ നേതൃത്വത്തിൽ നടക്കുന്ന ഇടവക നവീകരണ ധ്യാനങ്ങളും സ്കൂൾ പ്രോഗ്രാമുകളും മറ്റിതര നവീകരണ ശുശ്രൂഷകളും നടത്തുന്നത് വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും കൂട്ടായ പങ്കാളിത്തത്തോടുകൂടിയാണ്. നമ്മുടെ അതിരൂപതയിലെ പ്രാർത്ഥന കൂട്ടായ്മകളെ - ഇടവക, ഫൊറോന, സോണൽ, അതിരൂപതതലത്തിൽ ഏകോപിപ്പിക്കുന്നതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനത്തിന് സിസ്റ്റേഴ്സിന്റെ പങ്കാളിത്തം ആവശ്യമാണ്. അതിനായി മാർച്ച് 25-ന് എമ്മാവൂസിൽ വച്ച് ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ഒരു മീറ്റിംഗ് നടത്തി.

**മധ്യസ്ഥ പ്രാർത്ഥന യോഗം**

| | |
|---|---|
| ഏപ്രിൽ 12 | കലൂർ, റിന്യൂവൽ സെന്റർ 2.00 മണി മുതൽ 4.00 മണി വരെ |

**ധ്യാനങ്ങൾ:**

| | |
|---|---|
| ഏപ്രിൽ 2, 3, 4 | സെന്റ് ജോസഫ് പള്ളി, തുതിയൂർ |

**ഫാ. ജോസഫ് താമരവെളി**
**ഡയറക്ടർ**

# Archdiocesan Corporate Educational Agency

Renewal Centre, Azad Road, Kaloor, Kochi 682 017
www.ernakulameducationcouncil.com. Mob: 7907106119
email: ernakulameducation@gmail.com

## കായികാദ്ധ്യാപകരുടെ ഒഴിവുകൾ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ സ്കൂളുകളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ (PET) ടീച്ചറുടെ തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഫീസിൽ നിന്നും 2023 ഏപ്രിൽ 11 മുതൽ അപേക്ഷ ഫോം ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഏപ്രിൽ 21-ാം തീയതിക്കകം ഓഫീസിൽ തിരിച്ച് ഏല്പിക്കേണ്ടതാണ്. അപേക്ഷ ഫീസ് 300 രൂപ. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ 2023 ഏപ്രിൽ 28 വെള്ളി രാവിലെ 10.00 മണിക്ക് എറണാകുളം ലിസി ആശുപത്രിക്ക് സമീപമുള്ള സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ എഴുത്തു പരീക്ഷയ്ക്കും ഇന്റർവ്യൂവിനുമായി ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് കയ്യിൽ കരുതണം.

## എൽ.പി.എസ്.ടി. എഴുത്തു പരീക്ഷ

എൽ.പി.എസ്.ടി. അദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷ നൽകിയിട്ടുള്ളവർക്കായി കലൂർ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിൽ വച്ച് 22/04/2023 ശനിയാഴ്ച രാവിലെ 10.00 മണിക്ക് എഴുത്തു പരീക്ഷ നടക്കുന്നു. അതിനുശേഷം ഇന്റർവ്യൂവിന് യോഗ്യരായവരെ വിളിച്ചറിയിക്കുന്നതായിരിക്കും.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### ആശ്വാസ് ഇൻഷുറൻസ്
സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയുടെ സഹകരണത്തോടെ സഹൃദയ നടപ്പാക്കുന്ന ആശ്വാസ് ഇൻഷുറൻസ് പദ്ധതിയുടെ പുതിയ പോളിസി പ്രാബല്യത്തിലായി.

### ധാരണാപത്രം ഒപ്പുവച്ചു
ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലും അനുദിന ജീവിതത്തിലും സഹായകമായ വിവര സാങ്കേതികവിദ്യകളും സഹായക ഉപകരണങ്ങളും വികസിപ്പിക്കുകയും പ്രാപ്തമാക്കുകയും ചെയ്ത് സാമൂഹ്യ ഉൾച്ചേർക്കൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുള്ള പ്രവർത്തന മേഖലയിലെ സഹകരണത്തിനും ഗവേഷണങ്ങൾക്കുമായി സഹൃദയയുടെ ഇൻക്ലൂസിസ് ഓർഗ് ഫൗണ്ടേഷനും ഐ.ഇ.ഇ.ഇ. റോബോട്ടിക്സ് ആൻഡ് ഓട്ടോമേഷൻ സൊസൈറ്റിയും ഫെഡറൽ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഫിസാറ്റ്) യുമായി ധാരണാപത്രം ഒപ്പുവച്ചു. മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുമായും ധാരണാപത്രം ഒപ്പുവച്ചിരുന്നു.

### വിഷപ്പുകയ്ക്കെതിരെ പ്രതിഷേധ ജ്വാല
ബ്രഹ്മപുരത്തെ മാലിന്യ നിക്ഷേപ കേന്ദ്രത്തിൽ നിന്നും നഗരം മുഴുവൻ വിഷപ്പുക പടരാനുണ്ടായ സാഹചര്യത്തിനെതിരെയും മാലിന്യ സംസ്കരണ രീതികൾ ജനകീയമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും അതിരൂപതയിലെ ഇടവക ദേവാലയങ്ങളുടെ നേതൃത്വത്തിൽ മെഴുകുതിരികൾ തെളിച്ച് പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. കടവന്ത്ര സെന്റ് ജോസഫ്സ് ദേവാലയത്തിൽ പ്രതിഷേധ ജ്വാലയുടെ അതിരൂപതാ തല ഉദ്ഘാടനം നടത്തി.

### പ്രഥമശുശ്രൂഷാ പരിശീലനം
ആസ്റ്റർ മെഡ്സിറ്റിയുടെ സഹകരണത്തോടെ നടത്തപ്പെടുന്ന പ്രഥമ ശുശ്രൂഷ പരിശീലനത്തിന്റെ നൂറാമത് ശില്പശാല എറണാകുളം - അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയ

യുടെ നേതൃത്വത്തിൽ ചൂണ്ടി ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് സ്റ്റുഡിയോ ഹാളിൽ സംഘടിപ്പിച്ചു.

**ചെറുധാന്യ കൃഷി**

സഹൃദയ പൊന്നുരുന്നി കാർഡിനൽ പാറേക്കാട്ടിൽ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വനിതാദിനാഘോഷത്തിൽ ചെറുധാന്യകൃഷി ആരംഭിക്കുന്ന 50 വനിതാ കർഷകർക്കുള്ള വിത്തുകളും രണ്ടു പതിറ്റാണ്ടിലേറെക്കാലം മികച്ച പ്രവർത്തനം കാഴ്ചവച്ച സംഘങ്ങൾക്കുള്ള അവാർഡുകളും ശ്രീമതി ഉമാ തോമസ് എം.എൽ.എ. വിതരണം ചെയ്തു. സഹൃദയ ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പുകളെ ഫെഡറൽ ബാങ്കുമായി ബന്ധിപ്പിക്കുന്നതിന്റെ ഉദ്ഘാടനം ഫെഡറൽ ബാങ്ക് വൈസ് പ്രസിഡൻറ് എം. ശോഭയും ആശ്വാസ് മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയുടെ പുതിയ പോളിസിയുടെ ഉദ്ഘാടനം സ്റ്റാർ ഹെൽത്ത് അസി. സോണൽ മാനേജർ ഇ.ജെ. ഷൈജുവും നിർവഹിച്ചു. വനിതാ സംഗമത്തിൽ സംഗീതാധ്യാപികയും പിന്നണിഗായികയുമായ സിസ്റ്റർ റിൻസി അൽഫോൻസ് അധ്യക്ഷയായിരുന്നു.

**ഭിന്നശേഷിക്കാർക്കായി ബോധവത്കരണ ക്ലാസ്**

സഹൃദയയുടെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് രജിസ്ട്രേഷനും ഗവൺമെന്റ് ആനുകൂല്യങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി സഹൃദയ പറവൂർ മേഖലാ ഓഫീസിൽ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. പറവൂർ മേഖലയിലെ വിവിധ വില്ലേജുകളിൽ നിന്നായി 66 പേർ പങ്കെടുത്തു.

**വനിതകൾക്കുള്ള സംരംഭകത്വ പരിശീലന സർട്ടിഫിക്കറ്റുകൾ**

സഹൃദയ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വി-ഗാർഡ് ഫൗണ്ടേഷന്റെ സഹകരണത്തോടെ ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് ഹോട്ടൽ മാനേജ്മെന്റിൽ സംഘടിപ്പിച്ച കേക്ക്, ബേക്കറി ഉൽപ്പന്നങ്ങളുടെ ദശദിന പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 27 വനിതകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം അഡ്വ. എ.എം ആരിഫ് എം.പി. നിർവഹിച്ചു. പരിശീലനത്തിൽ പങ്കെടുത്തവർക്ക് സംരംഭം തുടങ്ങുന്നതിനുള്ള ഉപകരണങ്ങൾ വിഗാർഡ് ഇൻഡസ്ട്രീസ് ഫിനാൻസ് മാനേജർ വി. മഹേഷ് വിതരണം ചെയ്തു.

**തയ്യലിൽ വിദഗ്ധ പരിശീലനം**

സഹൃദയ, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വി ഗാർഡിന്റെ സഹകരണത്തോടെ ചേർത്തല മേഖലാ ഓഫീസിൽ നടപ്പാക്കുന്ന വനിതകൾക്കുള്ള വിദഗ്ധ തയ്യൽ പരിശീലനത്തിന്റെ രണ്ടാം ബാച്ചിനു തുടക്കമായി.

**ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ**

സഹൃദയയുടെ നേതൃത്വത്തിൽ പഴങ്ങനാട് വില്ലേജിൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (JLG) രൂപീകരിച്ചു.

**സ്നേഹ മെന്റൽ ഹെൽത്ത് പ്രോഗ്രാം**

2023 മാർച്ച് മാസത്തെ മരുന്നു വിതരണവും ബോധവത്കരണ ക്ലാസ്സും എറണാകുളം, ചേർത്തല, അങ്കമാലി, പറവൂർ എന്നീ റീജിയണുകളിൽ നടത്തപ്പെട്ടു.

**പഞ്ചായത്ത്തല മത്സരങ്ങൾ സംഘടിപ്പിച്ചു**

പാലക്കാട് ജില്ലയിൽ കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിൽ സഹൃദയ യുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ജൽ-ജീവൻ മിഷൻ പദ്ധതി ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ ജലശ്രീ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജലവും - ജലവിനിയോഗവും എന്ന വിഷയ ത്തെ ആസ്പദമാക്കി രചനാമത്സരങ്ങൾ സംഘടിപ്പിച്ചു.

**സ്പെഷ്യൽ എംപ്ലോയ്മെന്റ് ക്ലാസ്സ്**

സ്പെഷ്യൽ എംപ്ലോയ്മെൻറ് ആനുകൂല്യങ്ങളും രജിസ്ട്രേഷനും എന്ന വിഷയത്തെക്കുറിച്ച് ഭിന്നശേഷിക്കാർക്ക് ക്ലാസ്സ് ചേർത്തല മേഖല ഓഫീസിൽ സംഘടിപ്പിച്ചു. സി.ബി.ആർ. പദ്ധതിയുടെ ഭാഗമായി ഭിന്ന ശേഷിക്കാർക്കും അവരുടെ രക്ഷിതാക്കൾക്കും ക്ലാസ്സ് സംഘടിപ്പിച്ചു. 16 പേർ പങ്കെടുത്തു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# ചിറ്റൂർ ധ്യാനകേന്ദ്രം

## ഏപ്രിൽ, മെയ് മാസങ്ങളിലെ ധ്യാനങ്ങൾ

**ആന്തരികസൗഖ്യധ്യാനം**
എല്ലാ ആഴ്ചകളിലും: വെള്ളിയാഴ്ചവൈകുന്നേരം 5.00 മണി മുതൽ ബുധനാഴ്ച രാവിലെ 7.30 വരെ

**എബൈഡ്യുവജനധ്യാനം**
ഏപ്രിൽ 10 തിങ്കൾ രാവിലെ 9.00 മണി മുതൽ 14 വെള്ളി ഉച്ചകഴിഞ്ഞ് 2.00 മണിവരെ

മെയ് 3 ബുധൻ തിങ്കൾരാവിലെ 9.00 മണി മുതൽ 7 ഞായർ ഉച്ചകഴിഞ്ഞ് 2.00 മണി വരെ

**പീഡാനുഭവധ്യാനം**
ഏപ്രിൽ 4 ചൊവ്വ വൈകുന്നേരം 5.00 മണി മുതൽ 9 ഞായർ രാവിലെ 6.00 മണി വരെ

**ദമ്പതി ധ്യാനം**
ഏപ്രിൽ 15 ശനി രാവിലെ 9.00 മണി മുതൽ 18 ചൊവ്വ ഉച്ചകഴിഞ്ഞ് 2.00 മണിവരെ

**ആദ്യകുർബാന സ്വീകരണത്തിനുള്ള കുട്ടികളുടെ ഒരുക്കധ്യാനം**
ഏപ്രിൽ 19 ബുധൻ രാവിലെ 9.00 മണി മുതൽ 21 വെള്ളി വൈകുന്നേരം 4.00 മണി വരെ

**മതബോധന വിദ്യാർഥികൾക്കുള്ള ക്രിസ്റ്റീൻ ധ്യാനം (5-8 ക്ലാസ്)**
ഏപ്രിൽ 21 വെള്ളി വൈകുന്നേരം 5.00 മണി മുതൽ 26 ബുധൻ രാവിലെ 8.00 മണി വരെ

മെയ് 19 വെള്ളി വൈകുന്നേരം 5.00 മണി മുതൽ 24 ബുധൻ രാവിലെ 8.00 മണി വരെ

**ജീസസ്സ്റ്റീൻ ധ്യാനം (ക്ലാസ്സ് 9, 10, 11)**
മെയ് 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ 14 ഞായറാഴ്ച വൈകുന്നേരം 5.00 മണി വരെ

**പന്തക്കുസ്താനുഭവധ്യാനം**
മെയ് 24 ബുധൻ രാവിലെ 9.00 മണി മുതൽ 28 ഉച്ചകഴിഞ്ഞ് 1.00 മണി വരെ

**മരിയൻ ധ്യാനം**

മെയ് 28 ഞായർ രാവിലെ 9.00 മണി മുതൽ 31 ബുധൻ ഉച്ചകഴിഞ്ഞ് 2.00 മണി വരെ

**ഫാ. ജോസ് ഉപ്പാണി**
**ഡയറക്ടർ**

---

# *New Office-Bearers*

## Congregation of the Sisters of Nazareth

### St. Joseph's Province, Angamaly

| | | |
|---|---|---|
| Provincial Superior | : | Sr. Ashly CSN |
| Asst.Provincial | : | Sr. Gracia CSN |
| Councilors | : | Sr. Rani CSN |
| | : | Sr. Rosiline CSN |
| | : | Sr. Ann Maria CSN |
| | : | Sr. Reshma CSN |

***Congratulations and Prayerful Wishes to the New Office-Bearers***

## തിരുത്ത്

എറണാകുളം മിസ്സം, Vol. 66, No. 3, മാർച്ച് 2023, പേജ് 49-ൽ Congregation of Saint Therese of Lisieux (CST Brothers)-ന്റെ New Office-Bearers-ന്റേതായി നൽകിയത് മുൻഭാരവാഹികളുടെ പേരുകളായിരുന്നു. നിലവിലുള്ള Office-Bearers-ന്റെ പേരുകൾ **എറണാകുളം മിസ്സം, Vol. 64, No. 4, ഏപ്രിൽ 2021, പേജ് 23-ൽ** പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. പേര് വിവരങ്ങൾ തെറ്റായി ചേർക്കാനിടവന്നതിൽ നിർവ്യാജമായ ഖേദം അറിയിക്കുന്നു.

എഡിറ്റർ



ചങ്ങനാശ്ശേരി മുൻ മെത്രാപ്പോലീത്ത

**ആർച്ചുബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്**

എറണാകുളം – അങ്കമാലി മേജർ അതിരൂപതയുടെ

ആദരാഞ്ജലികൾ!!!

RNI No. 3421/57
Date of Publication: 01-04-2023
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org